**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4680** **19-03-2025 - ൽ മറുപടിയ്ക്ക്**

**മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തരൂർ മണ്ഡലത്തിലെ മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിലവിൽ ഏതുഘട്ടത്തിലാണ്; വ്യക്തമാക്കാമോ? | (എ) | **മേപ്പാടം മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി ടെണ്ടർ ചെയ്യപ്പോൾ Single tender മാത്രമേ ലഭിച്ചിട്ടുള്ളുവെന്ന് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ അറിയിച്ചതിനെത്തുടർന്ന് സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടെൻഡർ reject ചെയ്ത് എസ്റ്റിമേറ്റ് recast ചെയ്യുകയും സൂപ്രണ്ടിങ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും റീകാസ്റ്റ് എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുകയും, തുടർന്ന് ടെൻഡർ ചെയ്യുകയും ചെയ്തു. ആദ്യ ടെൻഡറിൽ പ്രതികരണമൊന്നും ലഭിച്ചില്ല. രണ്ടാമത്തെ ടെൻഡറിൽ ശ്രീ. സുലൈമാൻ എം. ൽ നിന്ന് 1,25,74,186/- രൂപ എന്ന ക്വാട്ട് നിരക്കിൽ സിംഗിൾ ബിഡ് ലഭിച്ചു. ഈ ക്വാട്ട് നിരക്ക് എസ്റ്റിമേറ്റ് PAC യെക്കാൾ 21.77% കൂടുതലായതിനാൽ, റീടെൻഡർ ചെയ്തു. മൂന്നാം ഇ ടെൻഡറിൽ അതേ ബിഡ്ഡർ മുൻ ബിഡിലെ അതേ നിരക്കിൽ ക്വാട്ട് ചെയ്തു. പ്രവൃത്തിയുടെ ആവശ്യകത പരിഗണിച്ച് കരാറുകാരൻ quote ചെയ്ത തുകയായ 1,53,11,393.30 രൂപയ്ക്ക് (estimate PAC യെക്കാൾ 21.77% കൂടുതൽ) അംഗീകാരം നൽകണമെന്ന് ആവശ്യപ്പെട്ട് ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.** |

സെക്ഷൻ ഓഫീസർ